# പ്രധാനവാർത്തകൾ

1. സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നീ രാജ്യങ്ങളിലേക്കുള്ള പര്യടനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി യാത്ര തിരിച്ചു.
2. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം; മുതിർന്ന നേതാക്കളടക്കം രംഗത്ത്.
3. സംസ്ഥാനത്ത് അതി തീവ്ര മഴയക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്; വടക്കൻ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; നദീ തീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം.
4. രാജഭരണ കാലത്തെ പടയോട്ടം അനുസ്മരിച്ച് കൊല്ലം ജില്ലയിലെ ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളിക്ക് ഇന്ന് തുടക്കം.
5. ക്രിക്കറ്റ് വിജയാഘോഷ വേളകളിലെ അപകട സാധ്യത തടയുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് ബി.സി.സി.ഐ.

**&&&&&&&&&&&&&&&**

പ്രധാനമന്ത്രി

സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നീ രാജ്യങ്ങളിലേക്കുള്ള പര്യടനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു.

RNUTVPM

ഇന്ന് സൈപ്രസിലെത്തുന്ന പ്രധാനമന്ത്രി അവിടെ പ്രസിഡന്റുമയും വ്യവസായ പ്രമുഖരുമായും കൂടിക്കാഴ്ച നടത്തും. മെഡിറ്ററേനിയൻ മേഖലയിലെയും യൂറോപ്യൻ യൂണിയനിലെയും അടുത്ത സുഹൃത്തും പ്രധാന പങ്കാളിയുമാണ് സൈപ്രസെന്ന് യാത്രയ്ക്ക് മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. വ്യാപാരം, നിക്ഷേപം, സുരക്ഷ, സാങ്കേതികവിദ്യ എന്നിവയിൽ സഹകരണം കൂടുതൽ ആഴത്തിലാക്കാനും ജനങ്ങൾ തമ്മിലുള്ള വിനിമയം പ്രോത്സാഹിപ്പിക്കാനും ഈ സന്ദർശനം ഒരു അവസരമാണെന്നും ശ്രീ മോദി പറഞ്ഞു. സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ, ജി-7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നാളെ കാനഡയിലേക്ക് പോകും. ജൂൺ 18 ന് പ്രധാനമന്ത്രി മോദി ക്രൊയേഷ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തും.

RNUTVPM

&&&&&&&&&&&&&&&

നിലമ്പൂർ - ഇൻട്രോ

നിലമ്പൂർ മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിങ് പൂർത്തിയായി. 263 പോളിംഗ് ബൂത്തുകളിലേക്ക് റിസേർവ് ഉൾപ്പെടെയുള്ള മെഷീനുകൾ സജ്ജമാക്കി. അതേസമയം, സ്ഥാനാർത്ഥികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. എൽ ഡി എഫിനായി മുഖ്യമന്ത്രി പിണറായി വിജയനും യു ഡി എഫിനായി പ്രിയങ്ക ഗാന്ധി എം പിയും എൻ ഡി എയ്ക്കായി ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും ഇന്ന് രംഗത്തുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....
( വോയിസ്.... )

&&&&&&&&&&&&&&&

കെനിയ അപകടം

കെനിയയിൽ ബസ് അപകടത്തിൽ മരിച്ച അഞ്ചു മലയാളികളുടെ മൃതദേഹം കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിച്ചു. സംസ്ഥാന സർക്കാരിനു വേണ്ടി മന്ത്രി പി. രാജീവിൻ്റെ നേതൃത്വത്തിൽ അന്തിമോപചാരം അർപ്പിച്ചു. മൂവാറ്റുപുഴ, പാലക്കാട്, മാവേലിക്കര സ്വദേശികളാണ് ഈ മാസം ഒൻപതിന് കെനിയയിൽ വാഹനാപകടത്തിൽ മരിച്ചത്. ഖത്തറിൽ നിന്ന് വിനോദയാത്രയ്ക്ക് എത്തിയ 28 പേരടങ്ങുന്ന ഇന്ത്യൻ സംഘമാണ് അപകടത്തിൽ പെട്ടത്.

RNU TVPM

&&&&&&&&&&&&&&&

അഹമ്മദാബാദ് ഡിഎൻഎ പരിശോധന

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച 31 പേരുടെ മൃതദേഹം ഡിഎൻഎ പരിശോധനയിൽ തിരിച്ചറിഞ്ഞു. 12 പേരുടെ മൃതദേഹങ്ങൾ കുടുംബങ്ങൾക്ക് കൈമാറിയതായി സിവിൽ ആശുപത്രി അധികൃതർ അറിയിച്ചു. വ്യാഴാഴ്ച അഹമ്മദാബാദ് വിമാനത്താവളത്തിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ വിമാനം തകർന്ന്, യാത്രക്കാരും പ്രദേശത്തുണ്ടായിരുന്നവരും ഉൾപ്പെടെ 260 ലധികം പേരാണ് മരിച്ചത്.

&&&&&&&&&&&&&&&

**ബ്രിട്ടൺ യുദ്ധവിമാനം**

ബ്രിട്ടൻറെ യുദ്ധവിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തരമായി ലാൻഡ് ചെയ്തു. ഇന്ധനം നിറയ്ക്കുന്നതിന് വേണ്ടിയാണ് ഇന്നലെ രാത്രി 9.30 ഓടെ വിമാനം അടിയന്തരമായി താഴെ ഇറക്കിയത്. 100 നോട്ടിക്കൽ മൈൽ അകലെ ബ്രിട്ടീഷ് നാവിക സേനയുടെ യുദ്ധക്കപ്പലിൽ നിന്ന് പരിശീലനപ്പറക്കലിനിടെയാണ് ഇന്ധനം തീർന്നത്. വിമാനത്തിൽ പൈലറ്റ് മാത്രമാണ് ഉണ്ടായിരുന്നത്. കേന്ദ്ര സർക്കാരിൻറെ നടപടിക്രമങ്ങൾക്ക് ശേഷം വിമാനം തിരുവനന്തപുരത്ത് നിന്ന് വിട്ടയയ്ക്കും.

&&&&&&&&&&&&&&&

**കോഴിക്കോട് കപ്പൽ**

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപെട്ട ചരക്ക് കപ്പൽ ടഗ് ഉപയോഗിച്ച് പുറംകടലിലേക്ക് വലിച്ചു കൊണ്ടു പോകാനുള്ള ശ്രമം തുടരുന്നു. കപ്പലിലെ തീ നിയന്ത്രണ വിധേയമാക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അതിനിടെ കപ്പലിൽ നിന്ന് വീണ കണ്ടെയ്നറുകൾ എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളുടെ തീരങ്ങളിൽ അടിയാൻ സാധ്യതയുള്ളതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശം നൽകി. ഇത്തരം വസ്തുക്കൾ കണ്ടാൽ അകലം പാലിക്കുകയും 112 എന്ന നമ്പറിൽ അറിയിക്കുകയും വേണം.

&&&&&&&&&&&&&&&

**വയോജനക്ഷേമം**

RNUTVPM

ഇന്ന് വയോജനങ്ങൾക്കു നേരെയുള്ള അതിക്രങ്ങൾക്കെതിരായ ബോധവൽക്കരണ ദിനം. ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു ഓൺലൈനായി നിർവഹിച്ചു. വയോജന ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി ആർ ബിന്ദു അറിയിച്ചു.

&&&&&&&&&&&&&&&

മഴ

സംസ്ഥാനത്ത് അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളതീരത്ത് കടൽ ക്ഷോഭത്തിനും സാധ്യത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 18 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

RNUTVPM

&&&&&&&&&&&&&&&

കണ്ണൂർ മഴ- ഇൻട്രോ

കണ്ണൂർ ജില്ലയിൽ മഴ ശക്തമായി തുടരുന്നു. ഇന്ന് ജില്ലയിൽ ചുവപ്പ് ജാഗ്രത നിർദ്ദേശമാണുള്ളത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.....

(വോയിസ്)

&&&&&&&&&&&&&&&

നദി- മുന്നറിയിപ്പ്

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ജലസേചന വകുപ്പ് പ്രളയസാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, കാസറഗോഡ് ജില്ലയിലെ കരിയങ്കോട്, നീലേശ്വരം, മൊഗ്രാൽ എന്നീ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദേശം. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. ആവശ്യമെങ്കിൽ അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കേണ്ടതാണ്.

&&&&&&&&&&&&&&&

നെയ്യാർ ഡാം

ശക്തമായ മഴയിൽ നെയ്യാർ ഡാമിലേക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്നു. ഈ സാഹചര്യത്തിൽ ഡാമിന്റെ നാല് ഷട്ടറുകൾ കൂടുതൽ ഉയർത്തി. സമീപപ്രദേശങ്ങളിൽ ഉള്ളവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&

മലങ്കര ഡാം

മലങ്കര അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ ഘട്ടം ഘട്ടമായി ഉയർത്താൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. മഴ തുടരുന്ന സാഹചര്യത്തിൽ മൂവാറ്റുപുഴയാറിന്റെ ഇരു കരകളിലും താമസിക്കുന്നവർ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

&&&&&&&&&&&&&&&

ഓച്ചിറക്കളി

ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളി ഇന്നും നാളെയും ഓച്ചിറ പടനിലത്ത് നടക്കും. രാജഭരണകാലത്തെ പടയോട്ടവും പോരാട്ടവും ഓർമ്മിപ്പിച്ച് പടനിലത്ത് ആയോധനകലയുടെ അഭ്യാസപ്രകടനങ്ങൾ നടക്കും. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മാവേലിക്കര എന്നീ താലൂക്കുകളിൽ ഉൾപ്പെട്ട 52 കരകളിൽ നിന്നുള്ള കളിസംഘങ്ങളാണ് ഓച്ചിറക്കളി കാഴ്ചവയ്ക്കുന്നത്. കരക്കളിക്ക് ശേഷം, എട്ട് കണ്ടത്തിൽ പോരാട്ടവും നടക്കും.

&&&&&&&&&&&&&&&

## കൊട്ടിയൂർ

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ നാല് ആരാധനകളിൽ ആദ്യത്തെതായ തിരുവോണം ആരാധന ഇന്ന്. ഉച്ചയ്ക്ക് പൊന്നിൻ ശീവേലിയും ആരാധനാസദ്യയും ഉണ്ടാവും. ചൊവ്വാഴ്ചയാണ് ഇന്നിർവെപ്പ്. ക്ഷേത്രത്തിൽ വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്.

RNU TVPM

&&&&&&&&&&&&&&&

## ബിസിസിഐ

ബെംഗളൂരുവിൽ ആർ സി ബിയുടെ ഐപിഎൽ വിജയാഘോഷ വേളയിൽ ഉണ്ടായതുപോലുള്ള അനിഷ്ട സംഭവങ്ങൾ തടയുന്നതിനുള്ള സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾങ്ങൾക്കായി സമിതി രൂപീകരിക്കാൻ ബി സി സി ഐ തീരുമാനം. ഇന്നലെ നടന്ന ബിസിസിഐയുടെ 28-ാമത് ഉന്നതതല സമിതി യോഗത്തിലാണ് തീരുമാനം. 15 ദിവസത്തിനുള്ളിൽ സമിതി മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കും.

&&&&&&&&&&&&&&&

കാര്യവട്ടം ടി-20

ന്യൂസീലൻഡ് ക്രിക്കറ്റ് ടീമിൻറെ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായുള്ള ട്വന്റി 20 മത്സരത്തിന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം വേദിയാകും. 2026 ജനുവരിയിലാണ് മൂന്ന് ഏകദിനങ്ങളും അഞ്ച് ട്വൻറി 20 മത്സരങ്ങളുമടങ്ങുന്ന പര്യടനത്തിനായി ന്യൂസീലൻഡ് ടീം എത്തുന്നത്. ജയ്പൂർ, മൊഹാലി, ഇന്ദോർ, രാജ്കോട്ട്, ഗുവാഹാട്ടി, ഹൈദരാബാദ്, നാഗ്പുർ എന്നിവിടങ്ങളിലാണ് മറ്റ് മത്സരങ്ങൾ നടക്കുക.

&&&&&&&&&&&&&&&

എസ്.ഐയെ കൊലപ്പെടുത്താൻ ശ്രമം

മൂവാറ്റുപുഴയിൽ വാഹന പരിശോധനയ്ക്കിടെ എസ്.ഐയെ വാഹനമിടിപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളെ തിരിച്ചറിഞ്ഞു. ഇടുക്കി മണിയാറൻ കുടി സ്വദേശി മുഹമ്മദ് ഷെരീഫ്, ആഫീസ് നിസാർ എന്നിവരാണ് പ്രതികളെന്ന് പോലീസ് പറഞ്ഞു. രണ്ടു പേർക്കുമെതിരെ വധശ്രമത്തിന് കേസെടുത്തു. അക്രമത്തിന് ഉപയോഗിച്ച വാഹനവും തിരിച്ചറിഞ്ഞു. മൂവാറ്റുപുഴ കല്ലൂർക്കാട് പോലീസ് സ്റ്റേഷനിലെ എസ്.ഐ - ഇ.എം. മുഹമ്മദിനെയാണ് ഇന്നലെ വാഹനമിടിപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്. ആശുപത്രിയിൽ പ്രവേശിപ്പിച്ച പോലീസ് ഉദ്യോഗസ്ഥനെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.

&&&&&&&&&&&&&&&

കോട്ടൺഹിൽ- അധ്യാപിക

RNUTVPM

തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ വിദ്യാർത്ഥികളെ ഏത്തം ഇടീച്ച സംഭവത്തിൽ അധ്യാപികക്കെതിരെ കാരണം കാണിക്കൽ നോട്ടീസ്. ഡി ഇ ഒ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

&&&&&&&&&&&&&&&

**ആലപ്പുഴ മരണം**

ആലപ്പുഴയിൽ കാർ തോട്ടിൽ വീണ് യുവാവ് മരിച്ചു. തത്തംപള്ളി കുട്ടിച്ചിറ ബിജോയി ആൻ്റണി ആണ് മരിച്ചത്. നെഹ്റുട്രോഫി ഫിനിഷിംഗ് പോയിന്റിന് സമീപം രാജീവ് ജെട്ടിയിൽ പുലർച്ചെ 2.30 ഓടെയാണ് അപകടം.

&&&&&&&&&&&&&&&

**മരണം- തൃശ്ശൂർ**

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഹെർണിയ ശസ്ത്രക്രിയയ്ക്ക് അനസ്തേഷ്യ നൽകിയ രോഗി മരിച്ച സംഭവത്തിൽ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡി.എം.ഒ.യെ ചുമതലപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&

**വിത്തൂട്ട്**

മനുഷ്യ, വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം- വന്യജീവി വകുപ്പ് ആവിഷ്കരിച്ച ഫുഡ്, ഫോഡർ, വാട്ടർ പദ്ധതിയുടെ ഭാഗമായി വിത്തൂട്ട് പ്രചാരണ പദ്ധതിയുടെ

RNU TVPM

സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മന്ത്രി എ കെ ശശീന്ദ്രൻ കോഴിക്കോട് നിർവഹിക്കും.

**&&&&&&&&&&&&&&&**

**റേഷൻകാർഡ് തരംമാറ്റം**

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ പൊതുവിഭാഗം റേഷൻ കാർഡുകൾ PHH വിഭാഗത്തിലേയ്ക്ക് തരം മാറ്റുന്നതിനു ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം നീട്ടി. ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത ഓൺലൈൻ കേന്ദ്രങ്ങൾ വഴിയോ, അക്ഷയ പോർട്ടൽ വഴിയോ ജൂൺ 30 ന് വൈകിട്ട് 5 വരെ അപേക്ഷ സമർപ്പിക്കാം.

RNU TVPM

**&&&&&&&&&&&&&&&**

**&&&&&&&&&&**

**&&&**